LIBRARY ARCHIVES Kerala Legislative Assembly

ശ്വസനോപകരണങ്ങൾ വാങ്ങുന്നതിന് നടപടി

135 [136] ശ്രീ. കെ. എൻ. എ. ഖാദർ:
,, ഇസ്ഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ശ്വസനോപകരണങ്ങൾ ലഭിക്കാത്തതിനാൽ ഗുരുതരാവസ്ഥയിലായിരുന്ന എത്ര രോഗികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മരണമടയുകയുണ്ടായി എന്നറിയിക്കാമോ;

(ബി) ഇത്തരം സാഹചര്യം ഒഴിവാക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലും വേണ്ടത്ര വെന്റിലേറ്ററുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജാശുപത്രികളിൽ ശ്വസനോപകരണങ്ങൾ ലഭിക്കാത്ത കാരണത്താൽ ഗുരുതരാവസ്ഥയിലായിരുന്ന രോഗികളാരും തന്നെ മരണമടഞ്ഞിട്ടില്ല.

(ബി & സി) മെഡിക്കൽ കോളേജാശുപത്രികളിൽ ശ്വസനോപകരണങ്ങൾ ആവശ്യമായി വരുന്ന രോഗികൾക്ക് അവ സമയാസമയം ലഭ്യമാക്കുന്നുണ്ട്. എന്നിരുന്നാലും ഈ ഉപകരണങ്ങളുടെ കുറവ് അനുഭവപ്പെടാതിരിക്കാൻ കൂടുതൽ വെന്റിലേറ്ററുകൾ വിവിധ മെഡിക്കൽ കോളേജുകളിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

(ഡി) ബാധകമല്ല.

അടിയന്തിര ചികിത്സയ്ക്കുള്ള കാലതാമസം

136 [137] ശ്രീ. കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിൽപ്പെട്ട് അടിയന്തിര ചികിൽസയ്ക്കുവണ്ടി മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തിക്കുന്ന രോഗികൾക്ക് ചികിൽസ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;